**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5914 19.11.2019-ലെ മറുപടിയ്ക്ക്

**ബോൾബാഡ്മിന്റൺ അസോസിയേഷന് ലഭിക്കേണ്ട ഗ്രാന്റ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ആൻസലൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാന ബോൾബാഡ്മിന്റൺ അസോസിയേഷന് 2014 മുതൽ വിവിധ ചാമ്പ്യൻഷിപ്പുകൾ നടത്തിയ വകയിൽ ലഭിക്കേണ്ട ഗ്രാന്റ് നൽകാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) & (ബി) | നിലവിലെ ഗ്രാന്റ് ഇൻ എയ്ഡ് റെഗുലേഷൻസ് പ്രകാരം സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള കായിക സംഘടനകൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിലേയ്ക്കായി നിഷ്കർഷിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് സംസ്ഥാന ബോൾ ബാഡ്മിന്റൺ അസോസിയേഷൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 2014-15, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്ന് റ്റി.എ/ഡി.എ ഉൾപ്പെടെ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.<br>2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ നിയമം അനുശാസിക്കുന്ന രീതിയിൽ വ്യവസ്ഥകൾ പാലിച്ച് അപേക്ഷകൾ സമർപ്പിക്കാത്തിനാലും, അസോസിയേഷൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കോടതി കേസ് നിലനിന്നിരുന്നതിനാലും, റ്റി.എ/ഡി.എ ഉൾപ്പെടെ ഗ്രാന്റ് അനുവദിക്കുവാൻ കഴിഞ്ഞിരുന്നില്ല. |
| (ബി) | ബോൾബാഡ്മിന്റൺ താരങ്ങൾക്ക് ക്യാമ്പുകളിൽ പങ്കെടുത്തതിനും സംസ്ഥാനത്തെ പ്രതിനിധീകരിച്ച് സംസ്ഥാനത്തിനു പുറത്ത് മൽസരങ്ങളിൽ പങ്കെടുത്ത വകയിലും 2014 മുതൽ റ്റി.എ./ഡി.എ.ഇനത്തിൽ എത്ര തുക നൽകാനുണ്ടെന്ന് വിശദമാക്കാമോ; | | |
| (സി) | കായികതാരങ്ങൾക്ക് 2014 മുതൽ നൽകേണ്ട തുക അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കാൻ നടപടി സ്വീകരിക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | പ്രസ്തുത വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി) | ബോൾബാഡ്മിന്റൺ അസോസിയേഷന് നൽകേണ്ട ഗ്രാന്റ് ഒഴിച്ച് കായികതാരങ്ങൾക്ക് | (ഡി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിലവിലെ ഗ്രാന്റ് ഇൻ എയ്ഡ് റെഗുലേഷൻസ് പ്രകാരം കേരള സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | നൽകേണ്ട ടി.എ./ഡി.എ. മാത്രം നൽകാൻ നടപടി സ്വീകരിക്കുമോ; അതിന് എന്തൊക്കെ രേഖകളാണ് അസോസിയേഷൻ നൽകേണ്ടതെന്ന് വ്യക്തമാക്കാമോ? | | സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള അസോസിയേഷനുകളാണ് കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതും, കേരള ടീമിനെ ദേശീയ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതും, ഇതിനാവശ്യമായ ഗ്രാന്റ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ബന്ധപ്പെട്ട സംസ്ഥാന അസോസിയേഷൻ മുഖേന കായികതാരങ്ങൾക്ക് നൽകുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇപ്രകാരം അനുവദിക്കുന്ന തുകയിൽ നിന്നുമാണ് കായികതാരങ്ങൾക്കുള്ള ടി.എ/ഡി.എ അനുവദിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ